## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5215

27 .07.2015-ൽ
മറുപടിയ്ക്ക്

## സ്വകാര്യ ചുങ്കം പിരിവ്

ചോദ്യം
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീമതി. പി. അയിഷാ പോറ്റി

മറുപടി
ശ്രീ. അടൂർ പ്രകാശ്
റവന്യുവും കയറും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സഞ്ചാര സ്വതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇടുക്കി ജില്ലയിൽ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നും തന്നെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ, സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പതിറ്റാണ്ടുകളായി ജനങ്ങൾ ഉപയോഗിച്ചു വരുന്ന ഇത്തരം പാതകളിൽ ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ എസ്റ്റേറ്റ് വഴി പ്രയോജനപ്പെടുത്തുന്ന വാഹനങ്ങളിൽ നിന്നും തുക ഈടാക്കുന്ന പരാതിയിന്മേൽ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടും ശുപാർശകളും ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ ഇടുക്കി ആർ. ഡി. ഒ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ടി ആഫീസറുടെ അന്വേഷണ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്കും ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നും ബാധകമല്ലാത്തതാണ്.

(സി) വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങളടക്കമുള്ള യാത്രകളെ മുടക്കുന്ന ഇത്തരം സ്വകാര്യപ്പിരിവ് ജനങ്ങളുടെ ജീവൻ ഹനിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ?

(സി) ഒരു ജില്ലകളിലും ഇത്തരത്തിൽ ജീവൻ ഹനിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ